# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ- ജീവനക്കാര്യം:- ഡോ. ഷബ്ന്നം.എസ്, ജൂനിയർ കൺസൾട്ടന്റ്, ജനറൽ മെഡിസിൻ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. കാസറഗോഡ് ജില്ലാ മെഡിക്കൽ ആഫീസറുടെ കത്ത് നം. DMOH-KSD/2847/2025-A5 തീയതി 08.07.2025

2. കാരണം കാണിക്കൽ നോട്ടീസ് നം. DHS/31222/ 2025-EB1 തീയതി: 06.05.2026

3. ഉത്തരവ് നം. DHS/31222/2025-EB1 തീയതി: 25-05-2026

**ഉത്തരവ് നം: DHS/31222/2025-EB1 തീയതി: 31-08-2026**

മംഗൽപ്പാടി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. ഷബ്ന്നം.എസ് 21.05.2025 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താല്ക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ചു 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് ടിയാൾ കൈപ്പറ്റാതെ തിരികെ ലഭിച്ചിരുന്നു. ആയതിനാൽ കാരണം കാണിക്കൽ നോട്ടീസ് വെബ്സൈറ്റിൽ 25-05-2026 തീയതിയിൽ പ്രസിദ്ധീകരിച്ചിരുന്നെങ്കിലും ടിയാൾ മറുപടി സമർപ്പിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് ലെ Part II 19 (a) (ii) പ്രകാരം പ്രൊബേഷണറായ ഡോ. ഷബ്ന്നം.എസ്-ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

**ആരോഗ്യ വകുപ്പ് ഡയറക്ടർ**



File No. DHS/31222/2025-EB1 (Computer No. 739240)
Generated from eOffice by VIJAYA LEKSHMI P, EB1 DHS -, EB1 DHS, DIRECTORATE OF HEALTH SERVICES on 31/08/2026 11:41 AM

സ്വീകർത്താവ്:-

**Dr. Shabnam.S, House No. 44, N.V.Nagar, Peroorkkada, Thiruvananthapuram, Pin -695 005**

പകർപ്പ്:-

1. അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കാസറഗോഡ്
3.ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
4. ഫയൽ/ കരുതൽ ഫയൽ.